# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1737**

**05.12.2014 - ൽ മറുപടിക്ക്**

## തെങ്ങിൽനിന്നും നീരയും, മറ്റു മൂല്യവർദ്ധിതോത്പന്നങ്ങളും നിർമ്മിച്ച് വിപണനം നടത്തുന്നതിന് നടപടി

**ചോദ്യം**

ശ്രീ.കെ.കെ.ലതിക

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| **എ)** തെങ്ങിൽ നിന്നും നീരയും, മറ്റു മൂല്യവർദ്ധിതോത്പന്നങ്ങളും നിർമ്മിച്ച് വിപണനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | **എ)** | കേരള സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കേരള കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം, വെള്ളാനിക്കര, വെള്ളായണി എന്നീ ക്യാമ്പസുകളിൽ നീര പൈലറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി ആകെ 540 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ യൂണിറ്റിനും വേണ്ടി 180 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതുവരെ നീരയുടെ പൈലറ്റ് യൂണിറ്റ് ആരംഭിക്കുന്നതിന് (നീലേശ്വരം പടന്നക്കാട്) 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാളികേര വികസന കോർപ്പറേഷനാണ് വിപണന ചുമതല. |
| **ബി)** എത്ര നീര ടെക്നീഷ്യന്മാരെ നാളിതുവരെയായി പരിശീലിപ്പിച്ചിട്ടുണ്ടെന്നും, എത്ര തെങ്ങുകൾ ഇപ്പോൾ നീര ഉത്പാദനത്തിനായി ചെത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ; | **ബി)** | 2013-14 വർഷത്തിൽ 30 പേർക്കും 2014-15 വർഷത്തിൽ ഇതുവരെ 32 പേർക്കുംകൂടി ആകെ 62 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇപ്പോൾ 100 തെങ്ങുകൾ പരീക്ഷണാടിസ്ഥാനത്തിൽ ചെത്തുന്നു. 200 തെങ്ങുകൾ കൂടി ചെത്താൻ തയ്യാറെടുക്കുന്നു. |
| **സി)** പ്രതിദിനം ലിറ്റർ എത്ര നീര ഉത്പാദിപ്പിക്കുന്നുണ്ടെന്നും, എത്ര ലിറ്റർ നീര വിപണനം നടത്തുന്നുണ്ടെന്നും എത്ര വിറ്റുവരവുണ്ടെന്നും വ്യക്തമാക്കുമോ? | **സി)** | കാർഷിക സർവ്വകലാശാലയിൽ ഇപ്പോൾ ദിവസം 160 ലിറ്റർ പൂങ്കുലനീര് ലഭിക്കുന്നു. അതിൽ നിന്ന് 75 ലിറ്റർ നീര ഉൽപ്പാദിപ്പിച്ച് ലിറ്ററിന് 150/- രൂപ നിരക്കിൽ 10,500/- രൂപയ്ക്ക് വിൽപ്പന നടത്തുന്നു. കൂടാതെ 9 കിലോഗ്രാം കേരചക്കര ഉണ്ടാക്കി കിലോയ്ക്ക് 600/- രൂപ നിരക്കിൽ 5,400/- രൂപയ്ക്ക് വിൽക്കുന്നു. ആകെ പ്രതിദിന വരുമാനം 15,900/- രൂപയാണ്.<br>കൂടാതെ നാളികേര വികസന കോർപ്പറേഷനിൽ പ്രതിദിനം 100 ലിറ്റർ നീര ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതായും പ്രതിദിനം 15,000 രൂപ വരുമാനം ഉള്ളതായും അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**